## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1018** 30.11.2018-ലെ മറുപടി

## കന്നുമ്മൽ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ഇ.കെ.വിജയൻ** | | **കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) | കന്നുമ്മൽ കുടിവെള്ള പദ്ധതി എന്നാണ് ആരംഭിച്ചത് എന്ന് വ്യക്തമാക്കാമോ; പ്രസ്തുത വിഷയം സംബന്ധിച്ച് നിരവധി സബ്മിഷനുകൾ നിയമ സഭയിൽ അവതരിപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്<br>കന്നുമ്മൽ കുടിവെള്ള പദ്ധതിക്ക് 2008 -ൽ ആണ് ഭരണാനുമതി നൽകിയത്. |
| ബി) | പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാൻ നിലവിൽ നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കായക്കൊടി, വളയം, വാണിമേൽ, നരിപ്പറ്റ എന്നി പഞ്ചായത്തുകളിൽ ജലവിതരണ സംവിധാനം പൂർത്തിയാക്കി ഗാർഹിക കണക്ഷനുകൾ നല്കിത്തുടങ്ങിയിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായുള്ള എല്ലാ പഞ്ചായത്തുകളിലും ജലവിതരണം ഉറപ്പാക്കുന്നതിനായി നിലവിലുള്ള സ്രോതസ് അപര്യാപ്തമാണ്. ഇതിനു പരിഹാരമായി നിലവിലെ സ്രോതസ് വിപുലീകരിക്കുന്നതിനുള്ള ഒരു പദ്ധതി 2018-19-വർഷത്തിലെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് കുറ്റ്യാടിപ്പുഴയിൽ നിന്നും പദ്ധതിയുടെ കിണറിലേക്ക് ആവശ്യാനുസരണം വെള്ളം എത്തിക്കാനാണ് ലക്ഷ്യമിടുന്നത്. പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. സ്രോതസ് വിപുലീകരണം 2019 മാർച്ച് മാസത്തോടു കൂടി പൂർത്തീകരിച്ച് കന്നുമ്മൽ കുടിവെള്ള പദ്ധതി പൂർണതോതിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| സി) | പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിൽ അനാസ്ഥ കാണിക്കുന്ന ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുമോ; പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | സി) പ്രസ്തുത പദ്ധതി ഭാഗികമായി കായക്കൊടി, വളയം, വാണിമേൽ, നരിപ്പറ്റ പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പൂർണ തോതിൽ കമ്മീഷൻ ചെയ്യുന്നതിനായുള്ള സ്രോതസ് വിപുലീകരണ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ഇത് പൂർത്തീകരിക്കുന്ന മുറയ്ക്ക് പദ്ധതി പൂർണതോതിൽ കമ്മീഷൻ ചെയ്യാവുന്നതാണ്. പദ്ധതി പൂർത്തീകരിക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് അനാസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ സ്രോതസ് വിപുലീകരണം പൂർത്തീകരിച്ച് മാർച്ച് 2019 - ഓടു കൂടി കന്നുമ്മൽ കുടിവെള്ള പദ്ധതി പൂർണതോതിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

Renuka Sankar

സെക്ഷൻ ഓഫീസർ